# തവനൂർ ഗ്രാമപഞ്ചായത്ത്

## പതിനാലാം വാർഡ് (കല്ലൂർ) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്.

**( 2018-2019സാമ്പത്തികവർഷത്തിൽ 2018 ഒക്ടോബർ 1 മുതൽ 2019 മാർച്ച് 31 വരെ നടന്നിട്ടുള്ള പ്രവർത്തികളുടെ സോഷ്യൽ ഓഡിറ്റ്റിപ്പോർട്ട് - കരട്)**

**തയ്യാറാക്കിയത് : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ മലപ്പുറം ജില്ലാ യുണിറ്റ്/പൊന്നാനി ബ്ലോക്ക്**

## സമർപ്പണം: പതിനാലാം വാർഡ് ഗ്രാമസഭ മുൻപാകെ

**തൊഴിലുറപ്പ് പദ്ധതിയിൽ ആറുമാസത്തിലൊരിക്കൽ നടന്നിരിക്കേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി തവനൂർ ഗ്രാമ പഞ്ചായത്തിന്റെ പതിനാലാം വാർഡിൽ നടത്തിയ2018-19വർഷത്തിലെ ഒക്ടോബർ ഒന്നുമുതൽ മാർച്ച് 31 വരെയുള്ള കാലഘട്ടത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളുടെ സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ട് ആണിത്. കൂടുതൽ ചർച്ചകൾക്കും വിലയിരുത്തലിനും ഗ്രാമസഭയുടെ അംഗീകാരത്തിനുമായി ഗ്രാമസഭയുടെ മുമ്പിൽ സമർപ്പിക്കുന്നു.**

## ആമുഖം

ഗ്രാമീണമേഖലയിലെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി 2005 സെപ്റ്റംബർ 5 പാർലമെൻറ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പാസ്സാക്കി. സ്ത്രീക്കും പുരുഷനും തുല്യ വേതനം ഉറപ്പു വരുത്തുന്നു എന്നതാണ് പദ്ധതിയുടെ ഏറ്റവും വലിയ സവിശേഷത

മലപ്പുറം ജില്ലയിലെ പൊന്നാനി ബ്ലോക്കിൽപെട്ട തവനൂർ ഗ്രാമപഞ്ചായത്ത് 25.28 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതാണ്. വടക്കും കിഴക്കും പടിഞ്ഞാറും ഭാഗങ്ങൾ ഭാരതപ്പുഴ ചുറ്റപ്പെട്ടുകിടക്കുന്ന പഞ്ചായത്തിന്റെ സതെക്കുഭാഗത്ത് കാലടി ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നു. 2011 സെൻസസ് പ്രകാരം 34500പേർ ജീവിക്കുന്ന ഈ ഗ്രാമപഞ്ചായത്തിൽ 17212 പേർ സ്ത്രീകളും 16258 പേർ പുരുഷൻമാരുമാണ്.ആകെ 19 വാർഡുകളാണ് ഗ്രാമപഞ്ചായത്തിൽ ഉള്ളത്.ഇതിലെ 14-ആം വാർഡായ കല്ലൂരാണ് സോഷ്യൽ ഓഡിറ്റ് പ്രക്രിയക്കായി തെരഞ്ഞെടുത്തത്. വാർഡ് പൊതുവെ ജനവാസകേന്ദ്രങ്ങളായ ചെങ്കൽ കുന്നുകളും ചെറിയൊരു ഭാഗം വയലുകളും നിറഞ്ഞതാണ്. കവുങ്,തെങ് എന്നിവയാണ് വാർഡിലെ പ്രധാന കാർഷികവിളകൾ.കൂടാതെ വാഴ, പച്ചക്കറികൾ, കുറഞ്ഞ അളവിൽ നെല്ല് എന്നിവയും ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. വാർഡിൽ അംഗൻവാടി,ഹരിജൻ സൊസൈററി ,തുടണിയവ സ്തിതി ചെയ്യുന്നു

## രീതിശാസ്ത്രം

തവനൂർ പഞ്ചായത്തിലെ **പതിനാലാം** വാർഡിൽ സോഷ്യൽ ഓഡിറ്റ് പ്രക്രിയയുടെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ: 2019 നവംബർ 11 മുതൽ 18 വരെയാണ് കല്ലൂർ വാർഡിൽ സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായുള്ള വിശദമായ ഫയൽ പരിശോധനയും ഫീൽഡ് തല പരിശോധനകളും നടക്കുന്നത്.2018 ഒക്ടോബർ ഒന്നിനു ശേഷം നടന്നിട്ടുള്ള പ്രവർത്തികൾ മാത്രമാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിരിക്കുന്നത്.ജോയിൻറ് ബി.ഡി.ഒ, ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, ജെപിസി എന്നീ ഉദ്യോഗസ്ഥന്മാരുടെ പൂർണപിന്തുണ സോഷ്യൽ ഓഡിറ്റിന് ഉണ്ടായിരുന്നു.വർക്ക് ഫയലുകളുടെയും രജിസ്റ്ററുകളുടെയും വിശദമായ പരിശോധന, പ്രവർത്തി നടന്നിട്ടുള്ള സ്ഥലങ്ങളുടെ നേരിട്ട് ചെന്ന് വിശദമായ പരിശോധന, വീടുവീടാന്തരം കയറിയിറങ്ങിയുള്ള ഗുണഭോക്താക്കളുമായുള്ള അഭിമുഖങ്ങൾ, അങ്ങനെ വിശദമായ പ്രവർത്തനങ്ങളാണ് സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി നടന്നിട്ടുള്ളത്.

## തൊഴിലുറപ്പ്നിയമം തൊഴിലാളികൾക്ക് ഉറപ്പ്നൽകുന്ന പത്ത് അവകാശങ്ങൾ

1. **തൊഴിൽകാർഡിനു അപേക്ഷിക്കുവാൻ ഉള്ള അവകാശം**
2. **അപേക്ഷിച്ച്15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശവും ആയതിന് കൈപ്പറ്റ് റസീത് ലഭിക്കുന്നതിനും ഉള്ള അവകാശം.**
3. **അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.ആദ്യത്തെ 30 ദിവസം (1/4 &പിന്നീടുള്ള ദിവസങ്ങളിൽ 1/2)**
4. **ഷെൽഫ്ഓഫ് പ്രോജകറ്റ് തയ്യാറാക്കുവാനുള്ള അവകാശം.**
5. **അഞ്ച് കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം അല്ലെങ്കിൽ വേതനത്തിന്റെ 10% അധികംലഭിക്കുവാനുള്ള അവകാശം**
6. **കുടിവെള്ളം, വിശ്രമസൗകര്യം, പ്രഥമശുശ്രൂഷ സൗകര്യം ഇവലഭിക്കുന്നതിനുള്ള അവകാശം.**
7. **15 ദിവസത്തിനുള്ളിൽ വേതനംലഭിക്കുന്നതിനുള്ള അവകാശം.**
8. **വേതനവിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം.**
9. **സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം**
10. **സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം**

## തവനൂർ ഗ്രാമപഞ്ചായത്തിലെ 14-വാർഡിലെ തൊഴിലുറപ്പ് പദ്ധതി

**14**-ാം വാർഡായ കല്ലൂരിൽ ആകെ 236 തൊഴിലാളികളാണ് തൊഴിലുറപ്പ് പദ്ധതിയിൽ ജോലിക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇ ഇതിൽ 182 കുടുംബങ്ങളാണ് തൊഴിൽ കാർഡ് കൈപ്പറ്റി യിട്ടുള്ളത്.ഇതിൽ 48 സജീവ തൊഴിലാളികൾ ഉണ്ടായിരുന്നു. പലതരത്തിലുള്ള അസുഖങ്ങളും പ്രായാധിക്യവും തൊഴിലാളികളുടെ എണ്ണം കുറയുന്നതിന് കാരണമായി. നിലവിൽ 35 തൊഴിലാളികളാണ് സജീവമായി പ്രവർത്തികളിൽ പങ്കെടുക്കുന്നത്. തൊഴിലാളികളിൽ പകുതിയിലേറെയും 50 വയസ്സിനുമുകളിൽ പ്രായമുള്ളവരാണ്. ഈ വാർഡിൽ കഴിഞ്ഞ 6-മാസത്തിനുള്ളിൽ നടപ്പിലാക്കിയ പ്രവൃത്തിയെ സംബന്ധിച്ച് വിവരങ്ങൾ ഇവിടെ വിശദീകരിക്കുന്നു.

## 7 രജിസ്റർ പരിശോധന സംബന്ധിച്ച്.

- ❖ തൊഴിൽ കാർഡ് വിതരണ രജിസ്റർ പരിശോധിച്ചപ്പോൾ 2018-ൽ 7-പേർക്ക് തൊഴിൽ നൽകിയതായി കാണാൻ കഴിഞ്ഞു.
- ❖ തൊഴിൽ രജിസ്ടർ പരിശോധിച്ചപ്പോൾ വേതനം വൈകിയതിന്റെ വിവരങ്ങൾ ഒന്നും കാണാൻ കഴിഞ്ഞില്ല.
  തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ അനുവദിച്ച വിവരങ്ങളും രജിസ്ററിൽ രേഖപ്പെടുത്തിയത് കണ്ടില്ല.
- ❖ വർക്ക് രജിസ്റർ പരിശോധിച്ചപ്പോൾ വാർഡിലെ ആകെ 8 പ്രവൃത്തികൾ മാത്രമേ രേഖപ്പെടുത്തിയതായി കാണുന്നുള്ളൂ.
- ❖ പരാതി രജിസ്ററിൽ യാതൊരു പരാതിയും രേഖപ്പെടുത്തിയതായി കണ്ടില്ല.
- ❖ മെറ്റീരിയൽ രജിസ്ററിൽ 2018-19 സാമ്പത്തിക വർഷത്തെ മെറ്റീരിയലിന്റെ ഒരു വിവരവും രേഖപ്പെടുത്തിയിട്ടില്ല .
- ❖ സ്ഥിര ആസ്തി രജിസ്ററിൽ 4-പ്രവർത്തികളുടെ വിവരങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.
- ❖ ഗ്രാമ സഭാ രജിസ്ടർ :2018-2019 വർഷത്തെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരണത്തിന്റെയും 2019-20 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക കർമ്മ പദ്ധതി തയ്യാറാക്കുന്നതിന്റെയും ഭാഗമായി ഗ്രാമസഭ ചേർന്നതായി റജിസ്റെറിൽ കാണുന്നുവെങ്കിലും അതിന്റെ മിനിറ്റ്സ് , തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.കൂടാതെ 2019-20സാമ്പത്തിക വർഷത്തിൽ വാർഡിൽ നടപ്പിലാക്കേണ്ട പ്രവർത്തികളെ സമ്പന്തിച്ച വിവരങ്ങൾ രേഖപ്പെടുത്തി കണ്ടില്ല.പഞ്ചായത്തിൽ പരിശോധിച്ച 7 രജിസ്റ്ററുകളും കാലാനുസ്ത്രമായി പുതുക്കിയിട്ടില്ല.

## വർക്ക് ഫയലുകൾ

9-പ്രവർത്തികളുടെ ഫയൽ പരിശോധിച്ചപ്പോൾ ആനുവൽ മാസ്റ്റർ സർക്കുലർ പ്രകാരം ഉണ്ടായിരിക്കേണ്ട 22 രേഖകളിൽ 10-രേഖകൾ എല്ലാ ഫയലിലും ഉള്ളതായി കണ്ടു. സൈററ്ഡയറി കിണർ നിർമ്മാണ ഫയലുകളിൽ ഒഴിച്ച് എല്ലാ ഫയലുകളിലും കാണാൻ കഴിഞ്ഞു.ഭരണാനുമതി കിണർ നിർമാണവുമായി ബന്ധപ്പെട്ട രണ്ടു പദ്ധതിയിലാണ് കാണാൻ കഴിഞ്ഞത്(IF/339977,IF/339982)

| SL NO | പ്രവർത്തിയുടെ പേര് | പ്രവർത്തിയുടെ കോഡ് |
|---|---|---|
| 1 | കിണർ നിർമ്മാണം- ഉഷ പാണ്ടികശാല | IF/337070 |
| 2 | കിണർനിർമ്മാണം- വേലായുധൻ | IF/354019 |
| 3 | കിണർആൾമറ നിർമ്മാണം-അമ്മുക്കുട്ടി കീണാട്ടുകരവളപ്പിൽ | IF/339977 |
| 4 | കിണർആൾമറ നിർമ്മാണം-ഹാരിസ് കഴികണ്ട | IF/339981 |
| 5 | കിണർആൾമറ നിർമ്മാണം-ജാനകി താഴത്തേല | IF/339982 |
| 6 | തരിശുഭൂമി കൃഷിയോഗ്യമാക്കൽ | LD/233659 |
| 7 | തരിശുഭൂമി കൃഷിയോഗ്യമാക്കൽ | LD/234325 |
| 8 | ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | IF/368185 |
| 9 | ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം | IF/374312 |

## ഫയലിൽ ലഭ്യമല്ലാത്ത രേഖകൾ

സംയോജിത പ്രവർത്തികളെ കുറിച്ചുള്ള വിവരങ്ങൾ, ,ഫോട്ടോഗ്രാഫ്, ജിയോടാഗ്ഫോട്ടോകൾ, സാധനങ്ങൾക്ക് ടെൻഡർ വിളിച്ച വിവരങ്ങൾ, ആക്ഷൻ പ്ലാൻ കോപ്പി.

## പദ്ധതിയുടെ നടത്തിപ്പ് തല സംവിധാനങ്ങൾ

തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി വാർഡ് തലത്തിലുള്ള തൊഴിലാളികളും മേറ്റുമാരും കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ഓഫീസിലെ തൊഴിലുറപ്പു വിഭാഗത്തിലെ ജീവനക്കാരായ ഒരു അക്രെഡിറ്റഡ് എഞ്ചിനീയറും (ശ്രീ അമ്പു ഗണേശൻ) ഓവർസിയറും (ശ്രീ റഹീം) രണ്ട് ഡി.ഇ.ഒ /അക്കൗണ്ടന്റുമാരും (ശ്രീമതിദൃശ്യ, ശ്രീമതി അജിഷ) ഇതുകൂടാതെ വാർഡ് തലത്തിൽ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി വാർഡ് മെമ്പർ ശ്രീമതി പുഷ്പ വാർഡിലെ വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി അംഗങ്ങൾ എന്നിവരുമുണ്ട്

## കവർപേജ്

- പരിശോധിച്ച 7-പ്രവർത്തികൾ വ്യക്തിഗതആസ്തികളിലും,2-പ്രവർത്തികൾ ഭൂവികസന വിഭാഗത്തിലും ഉൾപെടുന്നവയായിരുന്നു.
- 9-ഫയലുകളിലും എ എം സി പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നു.
- കവർ പേജിൽ വർക്കിൻറ പേര് , പഞ്ചായത്ത് ,പ്രവൃത്തി ആരംഭിച്ച തീയതി ,അവസാനിച്ച തീയതി ,അടങ്കൽ തുക എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു.
- ജിയോ ടാഗ് ,പ്രവർത്തി നടക്കുന്നതിനു മുൻപും ശേഷവും ഉള്ള പ്രവർത്തി സ്ഥലത്തിൻറെ ഫോട്ടോകൾ എന്നിവ ഉണ്ടായിരുന്നില്ല.
- 9-പവർത്തികളുടെ കവർ പേജിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻറെ ഒപ്പ് ഉണ്ടായിരുന്നില്ല.

## ചെക്ക് ലിസ്റ്റ്

- ❖ ഓഡിറ്റിങ്ങിന് വിധേയമാക്കിയ എല്ലാ ഫയലുകളിലും ചെക്ക് ലിസ്റ്റ് കോപ്പി ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു.
- ❖ IF/354019-കിണർ നിർമ്മാണം വേലായുധൻ എന്ന ഫയലിലെ ചെക്ക് ലിസ്റ്റിൽ ഒന്നും എഴുതിച്ചേർത്തിട്ടുണ്ടായിരുന്നില്ല.
- ❖ മറ്റ് 8-ഫയലുകളിലെയും ചെക്ക് ലിസ്റ്റിൽ രേഖകളുടെ വിവരങ്ങളും പേജ് നമ്പറും കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു.

## എസ്റ്റിമേറ്റ്

- ❖ പരിശോധിച്ച എല്ലാ ഫയലുകളിലും അബ്സ്ട്രാക്റ്റ് എസ്റ്റിമേറ്റ്,ഡീറ്റെയിൽട് എസ്റ്റിമേറ്റ് എന്നിവ കാണാൻ കഴിഞ്ഞു.
- ❖ എല്ലാ എസ്റ്റിമേറ്റ്കളിലും അക്രെഡിറ്റഡ് എഞ്ചിനീയർ ,ഓവർസിയർ എന്നിവരുടെ സീൽ,ഒപ്പ്,തീയതിഎന്നിവ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു
- ❖ .തൊഴിലാളികളുടെ വേതനം, സാധന ഘടകങ്ങളുടെ വിവരങ്ങൾ ഡിസ്പ്ലേ ബോർഡ് ചാർജ് എന്നിവ എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു
- ❖ ആയുധങ്ങളുടെ വാടക നൽകുന്ന പ്രവർത്തികളുടെ എസ്റ്റിമേറ്റിൽ അനുവദിച്ച തുക പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു(IF/33998-കിണർ ആൾമറ നിർമ്മാണം ഹാരിസ് കുഴികണ്ട)
- ❖ തരിശുഭൂമി കൃഷിയോഗ്യമാക്കൽ (IF/233659) -എന്ന പദ്ധതിയുടെ ഫയലിൽ ജനകീയ എസ്റ്റിമേറ്റ് കാണുവാൻ സാധിച്ചു. അതിൽ ഓവർസിയറുടെ ഒപ്പും സീലും ഉണ്ടായിരുന്നു

## സാങ്കേതിക അനുമതി

- ❖ എല്ലാ ഫയലുകളിലും പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച സാങ്കേതിക അനുമതിയുടെ കോപ്പി ഉൾപ്പെടുത്തിയിട്ടുണ്ട്
- ❖ അക്രെഡിറ്റഡ് എഞ്ചിനീയർ ,ഓവർസിയർ എന്നിവരുടെ ഒപ്പും സീലും എല്ലാ കോപ്പികളും കാണാൻ കഴിഞ്ഞു എന്നാൽ ഒന്നിലും ഡേറ്റ് രേഖപ്പെടുത്തിയിരുന്നില്ല

- സാധന ഘടകങ്ങളുടെ തുക,തൊഴിൽദിനങ്ങൾ, തൊഴിലാളികളുടെ വേതനം എന്നിവ പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു.

## ഭരണാനുമതി

- IF/339977-അമ്മുക്കുട്ടി കീണാററുകരവളപ്പിൽ,IF/339982-ജാനകി താഴത്തേല (കിണർ ആൾമറ നിർമ്മാണം)എന്ന 2-ഫയലുകളിൽ മാത്രമാണ് ഭരണാനുമതിയുടെ കോപ്പി ഉൾപ്പെടുത്തിയിട്ടുള്ളത്.
- അതിൽ പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പും സീലും കാണുവാൻ സാധിച്ചു.
- കവർ പേജിലെ പ്രവൃത്തിയുടെ പേര് തന്നെയാണ് ഭരണാനുമതിയിലും കൊടുത്തിരിക്കുന്നത്.
- ഭരണാനുമതിയിൽ ഭരണാനുമതി നമ്പർ,തീയതി ,അടങ്കൽ തുക എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു.

## മസ്റ്റർറോൾ

- പരിശോധിച്ച എല്ലാ ഫയലുകളിലും അവിദഗ്ധ തൊഴിലാളികളുടെയും വിധഗ്ദ തൊഴിലാളികളുടെയും മസ്റ്റർറോളുകൾ വേർതിരിച്ചു സൂക്ഷിച്ചിട്ടുണ്ടായിരുന്നു.
- പ്രവർത്തി തുടങ്ങിയതിനു ശേഷമുള്ള തീയതികൾ ആണ് എല്ലാ മസ്റ്റർറോളുകളിലും രേഖപ്പെടുത്തിയിരിക്കുന്നത്.
- പരിശോധിച്ച മസ്റ്റർറോളുകളിൽ ഒന്നും വെട്ടിതിരുത്തലുകൾ കണ്ടില്ല.
- കിണർ നിർമ്മാണം ഉഷ പാണ്ടികശാല(IF/337070) എന്ന പദ്ധതിയുടെ ഫയലിൽ ഒഴിച്ച് മറ്റ് 8-പദ്ധതികളുടെ ഫയലുകളിലെയും മസ്റ്റർറോളിൽ പ്രവർത്തി ചെയ്ത തീയതികൾ അടയാളപ്പെടുത്തിയിട്ടുണ്ടായിരുന്നു.
- മസ്റ്റർറോളിൽ പ്രവർത്തി തുടങ്ങിയ തീയതി,അവസാനിച്ച തീയതി, പ്രിൻറിംഗ് തീയതി,ടെക്നിക്കൽ സാങ്ഷൻ നമ്പർ,എം ബുക്ക് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്
- ആയുധങ്ങൾ മൂർച്ച കൂട്ടുന്നതിനുള്ള ചാർജ് ഒരു മസ്ടറോളിലും കാണുവാൻ സാധിച്ചില്ല

- ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ,സെക്രട്ടറി, ഓവർസിയർ എന്നിവരുടെ ഒപ്പും സീലും എല്ലാ മസ്ടറോളിലും കാണുവാൻ സാധിച്ചു.
- മേറ്റ്,ഓവർസിയർ എന്നിവരുടെ പേരും ഒപ്പും എല്ലാ മസ്ടറോളിലും രേഖപ്പെടുത്തിയിരുന്നു എന്നാൽ ഒന്നിലും തീയതികൾ രേഖപ്പെടുത്തിയതായി കണ്ടില്ല.

## വേജ് ലിസ്റ്റ്

- പരിശോധിച്ച 9-ഫയലിലും വേജ് ലിസ്റ്റ് കാണുവാൻ സാധിച്ചു.
- വേജ് ലിസ്റ്റിലെയും മസ്ടറോൾ ഷീറ്റിലെയും അറ്റൻഡൻസ് വിവരങ്ങൾ ഒരുപോലെയായിരുന്നു.
- ബാങ്ക് ഡീറ്റെയിൽസ് ,ആധാർ നമ്പർ തുടങ്ങിയവ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- വിദഗ്ധ അർധവിദഗ്ധ തൊഴിലാളികളുടെ വേജ് ലിസ്റ്റുകൾ പ്രത്യേകം സൂക്ഷിച്ചിരുന്നു.

## എഫ് ടി ഒ

- എഫ് ടി ഒ യുടെ കോപ്പികൾ കൃത്യമായി എല്ലാ ഫയലിലും സൂക്ഷിച്ചിട്ടുണ്ടായിരുന്നു.
- അറ്റൻഡൻസിന് ആനുപാതികമായ തുക തന്നെയാണ് എല്ലാത്തിലും രേഖപ്പെടുത്തിയിട്ടുള്ളത്.
- സാധന ഘടകങ്ങളുടെ എഫ് ടി ഒ കിണറു പണിയുടെ ഫയലുകളിൽ കാണുവാൻ സാധിച്ചില്ല.

## മസ്ടറോൾ മൂവ്മെൻറ് സ്ളിപ്പ്

- പരിശോധിച്ച ഫയലുകളിലെല്ലാം മസ്റ്റർറോൾ മൂവ്മെൻറ് സ്ളിപ്പ് ഉണ്ടായിരുന്നു.
- എല്ലാത്തിലും വർക്ക് കോഡ്, പ്രവൃത്തിയുടെ പേര് , തുടങ്ങിയവ രേഖപ്പെടുത്തിയിരുന്നു.
- എല്ലാത്തിലും മാസ്ട്രോൾ പീരീഡ് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്

- എല്ലാ മാസ്റ്ററോൾ മൂവ്മെൻറ് സ്ലിപ്പ് കളിലും എഫ് ടി ഒ ഫസ്റ്റ് & സെക്കൻറ്സിഗ്നേട്ടറി തീയതികൾകൃത്യമായിരേഖപ്പെടുത്തിയിട്ടുണ്ടായിന്നു
- പ്രസിഡൻറ്,സെക്രട്ടറി, എ ഡി ഇ ഓ എന്നിവരുടെ പേര് ഒപ്പ് സീൽ എന്നിവ കാണുവാൻ സാധിച്ചു.

## ഡിമാൻഡ് ഫോം

- പരിശോധിച്ച 4 ഫയലുകളിൽ (IF/368185,IF/374312-ചെറുകിട കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം) LD/233659,LD/234325-തരിശുഭൂമികൃഷിയോഗ്യമാക്കൽ) തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള തൊഴിലാളികളുടെ അപേക്ഷ ഉണ്ടായിരുന്നു.
- എത്ര തൊഴിൽ ദിനങ്ങളാണ് ആവശ്യപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു.
- അപേക്ഷയിൽ തൊഴിലാളികളുടെ പേര് , തൊഴിൽ കാർഡ് നമ്പർ,തീയതി തുടങ്ങിയവ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു എന്നാൽ തൊഴിലാളികളുടെ ഒപ്പ് 4-അപേക്ഷയിലും കാണാൻ കഴിഞ്ഞില്ല.
- 4-അപേക്ഷകൾക്കും പഞ്ചായത്തിൽ നിന്നും ലഭിച്ച കൈപ്പറ്റ് രസീത് പദ്ധതിയുടെ ഫയലിൻറ കൂടെ ഉൾപ്പെടുത്തിയിട്ടുണ്ട്.
- എല്ലാ കൈപ്പറ്റ് രസീതിലും തീയതി രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു എന്നാൽ പഞ്ചായത്ത് അധികൃതരുടെ ഒപ്പും സീലും കാണുവാൻ സാധിച്ചില്ല.

## വർക്ക് അലോക്കേഷൻ ഫോം

- ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം ,തരിശു ഭൂമി കൃഷിയോഗ്യമാക്കൽ എന്ന പദ്ധതികളുടെ ഫയലുകളിൽ വർക്ക് അലോക്കേഷൻ ഫോം കാണുവാൻ സാധിച്ചു.
- തൊഴിലാളികളുടെ പേരുവിവരങ്ങൾ തൊഴിൽ നൽകിയ തീയതി എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.
- പ്രവർത്തിക്ക് അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ പ്രവൃത്തി നൽകിയിട്ടുണ്ട്

## മെറ്റീരിയൽ സംബന്ധിച്ച വിവരങ്ങൾ

- ഓഡിറ്റിങ്ങിന് വിധേയമാക്കിയ 2-ഫയലുകളിൽ(IF/339981,IF/339977) മെറ്റീരിയൽ സംബന്ധിച്ചുള്ള വിവരങ്ങൾ അടങ്ങിയ രേഖകൾ ഉണ്ടായിരുന്നു.
- സാധനങ്ങൾക്ക് കൊട്ടേഷൻ വിളിച്ചതിൻറെയും ടെൻഡർ അനുവദിച്ച രേഖകളും കാണുവാൻ സാധിച്ചില്ല.

## പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം

- പരിശോധിച്ച എല്ലാ ഫയലുകളിലും പ്രവർത്തി പൂർത്തീകരണം സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുണ്ട്
- എല്ലാത്തിലും പ്രവൃത്തിയുടെ പേര് ,പ്രവൃത്തി ആരംഭിച്ച തീയതി അവസാനിച്ച തീയതി തുടങ്ങിയവ രേഖപ്പെടുത്തിയിട്ടുണ്ട്.
- മസ്റ്റർറോൾ നമ്പറുകൾ,സാധന ഘടകങ്ങളുടെ തുക,തൊഴിലാളികളുടെ വേതനം എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു.എന്നാൽ ബന്ധപ്പെട്ട അധികൃതരുടെ ഒപ്പോ സിലോ പേരോ ഒന്നും കാണുവാൻ സാധിച്ചില്ല.
- പ്രവർത്തികളിൽ ഉപയോഗിച്ചിരിക്കുന്ന മസ്റററോളുകളുടെ ഐ ഡി എല്ലാ വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റുകളിലും രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു.

## സൈററ് ഡയറി

- ഓഡിറ്റിങ്ങിന് വിധേയമാക്കിയ ഫയലുകളിൽ ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം, തരിശുഭൂമികൃഷിയോഗ്യമാക്കൽ എന്ന പദ്ധതികളുടെ ഫയലുകളിൽ മാത്രമാണ് സൈറ്റ് ഡയറി കാണുവാൻ സാധിച്ചത്.
- എല്ലാ സൈറ്റ് ഡയറിയിലെയും ചെക്ക് ലിസ്ററ് മുഴുവനായും പൂരിപ്പിച്ചതായി കണ്ടു.
- പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപ് നടത്തുന്ന മീറ്റിംഗിൽ തൊഴിലാളികളും വാർഡ് മെമ്പറും ഓവർസിയറും പേര് രേഖപ്പെടുത്തുകയും ഒപ്പിടുകയും ചെയ്തിട്ടുണ്ട്.
- ആയുധങ്ങളുടെ വാടക എല്ലാ സൈററ് ഡയറിയിലും എഴുതിച്ചേർത്തതായി കണ്ടു.

- പ്രവൃത്തിയുടെ പേര്, ,ആരംഭിച്ച തീയതി,അവസാനിച്ച തീയതി,അടങ്കൽ തുക,യഥാർത്ഥ ചെലവ്, ,തൊഴിലാളികളുടെ സാക്ഷ്യപത്രം,വിജിലെൻസ് ആൻന്റ് മോനിട്ടരിംഗ്ഗ് കമ്മിറ്റിയുടെ വിവരങ്ങൾ ,സന്ദര്ശക കുറിപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- പണിയായുധതിന്റെ വാടക സംബന്ധിച്ച വിവരങ്ങൾ ,പ്രവൃത്തി സ്ഥലത്തെ സൌകര്യങ്ങൾ,ചികില്സചെലവ് സംബന്ധിച്ച വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്

## എം ബുക്ക്.

- എല്ലാ ഫയലിലും എം-ബുക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്.
- കിണർ ആൾമറ നിർമ്മോണവുമായി ബന്ധപ്പെട്ട അമ്മുക്കുട്ടി കീണാററുകര വളപ്പിൽ ,ജാനകി താഴത്തെല എന്നീ പദ്ധതികളുടെ ഫയലുകളിൽ (IF/339977,IF/339982) പൊതുവായി ഒരു എം ബുക്കാണ് കാണുവാൻ സാധിച്ചത്.
- അടങ്കൽ തുക, യഥാർത്ഥ ചെലവ്,ഡിസ്പ്ലേ ബോർഡ് ചാർജ് എന്നിവ എല്ലാ എം ബുക്കിലും കാണാൻ സാധിച്ചു
- പ്രവൃത്തിയുടെ പേര്,ബുക്ക് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- പരിശോധിച്ച 9-എം ബുക്കിലും പദ്ധതികളുടെ പ്രീ മെഷർമെൻറ് അടയാളപ്പെടുത്തിയിട്ടുണ്ടായിരുന്നു.
- പഞ്ചായത്ത് സെക്രട്ടറി,പ്രസിഡൻറ് , അക്രെഡിറ്റഡ് എഞ്ചിനീയർ എന്നിവരുടെ പേര് ഒപ്പ് സീൽ എന്നിവ എല്ലാ എം ബുക്കിലും കാണുവാൻ സാധിച്ചു.
- എസ്റ്റിമേറ്റ് തുക യും ചെലവായ തുകയും തമ്മിലുള്ള വ്യത്യാസം ഒന്നിലും പ്രത്യേകം രേഖപ്പെടുത്തിയതായി കണ്ടില്ല

## കണ്ടെത്തലുകൾ

- 2018 ഒക്ടോബർ 1 മുതൽ മാർച്ച് 31 വരെയുള്ള കാലയളവിൽ വാർഡ് 14 കല്ലൂരിൽ സോഷ്യൽ ഓഡിറ്റിനു വിധേയമാക്കേണ്ടിയിരുന്നത് 10 ഫയലുകളാണ്. എന്നാൽ ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം (IF/368184) എന്ന പദ്ധതിയുടെ ഫയൽ ലഭിച്ചിട്ടില്ല

- ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം എന്ന പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ ആയുധങ്ങളുടെ വാടക 3320/- എന്നും തരിശു ഭൂമി കൃഷിയോഗ്യമാക്കൽ എന്ന പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ ആയുധങ്ങളുടെ വാടക 2140/- രൂപ എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ തൊഴിലാളികളുടെ അറ്റൻഡൻസിന് ആനുപാതികമായിട്ടുള്ള ശമ്പളം മാത്രമാണ് ലഭിച്ചിരിക്കുന്നത് എന്ന് എഫ് ടി ഓ ചെക്ക് ചെയ്തപ്പോൾ മനസ്സിലായി.
- ജനകീയ എസ്റ്റിമേറ്റ് തരിശു ഭൂമി കൃഷിയോഗ്യമാക്കൽ (LD/233659)എന്ന പ്രവർത്തിയുടെ ഫയലിൽ മാ(ത്രമാണ് കാണാൻ കഴിഞ്ഞ്ത്.കൂടാതെ ഓവർസിയർ സാക്ഷ്യപ്പെടുത്തിയ പദ്ധതിയുടെ പെൻസിൽ ഡ്രോയിങും ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- എല്ലാ മസ്റ്റർറോളുകളിലും എം ബുക്കിന്റെ നമ്പരുകൾ രേഖപ്പെടുത്തിയതായി കാണാൻ കഴിഞ്ഞു
- 9-പ്രവർത്തികളുടേയും പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഒപ്പോ സീലോ കാണാൻ കഴിഞ്ഞില്ല
- പ്രവർത്തി നടക്കുന്ന സ്ഥലങ്ങളുടെ പ്രത്യേകിച്ച് ഭൂവികസന പ്രവർത്തികളുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഭൂവുടമകളുടെ കരമടച്ച രസീത് കാണാൻ കഴിഞ്ഞിട്ടുമില്ല
- തരിശുഭൂമി കൃഷിയോഗ്യമാക്കൽ എന്ന പദ്ധതിയിൽ പ്രവർത്തി നടന്നിരിക്കുന്നത് തരിശുഭൂമിയിലാണ് എന്ന് തെളിയിക്കുന്നതിനുള്ള കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല.

**CIB യെ കുറിച്ചുള്ള വിവരങ്ങൾ**

- തരിശുഭൂമി കൃഷിയോഗ്യമാക്കൽ (LD/233659,LD/234325 )എന്നീ ഭൂവികസന പദ്ധതികളിലെയും കിണർ നിർമാണവുമായി ബന്ധപ്പെട്ട രണ്ടു ഫയലുകളിലെയും (IF/337070,IF/354019) എസ്റ്റിമേറ്റിലും എം ബുക്കിലും സി ഐ ബി ബോർഡിൻറെ ചാർജ് 3000/- ആണെന്ന് രേഖപ്പെടുത്തിയിരുന്നു. എന്നാൽ പ്രവർത്തി സ്ഥലങ്ങളിൽ സി ഐ ബി ബോർഡ് കാണുവാൻ സാധിച്ചില്ല
- ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം എന്ന പദ്ധതിയുടെ 2-പ്രവർത്തി സ്ഥലങ്ങളിലും(IF/368185,IF/374312) കിണർ ആൾമറ നിർമാണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ 3-പ്രവർത്തി സ്ഥലങ്ങളിലും CIB കാണുവാൻ സാധിച്ചു.

- ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം (IF/368185) എന്ന പദ്ധതിയുടെ പ്രവർത്തി സ്ഥലത്ത് CIB ഭാഗികമായും തകർന്നതായി കണ്ടു.
- കിണർ ആൾമറ നിർമ്മാണം ഹാരിസ്കുഴിക്കണ്ടം എന്ന പദ്ധതിയുടെ പ്രവർത്തി സ്ഥലത്ത് CIB യിൽ വർക്ക് കോഡ് തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഫയലിൽ IF/339981 എന്നും പ്രവർത്തി സ്ഥലത്ത് IF/337781 എന്നും ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.

## അവകാശനിഷേധങ്ങൾ

### തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ

- തൊഴിലുറപ്പു നിയമത്തിലെ ഷെഡ്യൂൾ 2 അദ്ധ്യായം 23 വാർഷിക മാസ്റ്റർ സർക്കുലറിലെ അധ്യായം 8-8.2 പ്രകാരം പ്രവർത്തി സ്ഥലത്ത് വേണ്ടതായ അടിസ്ഥാന സൗകര്യങ്ങളായ പ്രഥമശുശ്രൂഷ കിറ്റ്, കുടിവെള്ളം ,തണൽ സൗകര്യം,സുരക്ഷാ ഉപകരണങ്ങൾ എന്നിവ ലഭിക്കുക എന്നത് ബന്ധപ്പെട്ട സ്ഥാപനത്തിൻറെ (പഞ്ചായത്ത്)ഉത്തരവാദിത്വമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ പ്രഥമശുശ്രൂഷ കിററുകളുടെ അഭാവമാണ് തൊഴിലാളികൾ നേരിടുന്ന വലിയ പ്രശ്നം എന്ന് അറിയാൻ കഴിഞ്ഞു.
- മണ്ണിലും ചെളിയിലും ഇറങ്ങുമ്പോൾ ഉപയോഗിക്കുന്ന ബൂട്ട്, ഗ്ലൗസ് എന്നിവ ഉപയോഗശൂന്യമായിരിക്കുന്നു എന്നാണ് മിക്ക തൊഴിലാളികളും പറയുന്നത്.
- പ്രവർത്തി നടക്കുന്ന സമയത്ത് എന്തെങ്കിലും അപകടങ്ങൾ സംഭവിച്ചാൽ സ്വന്തം കയ്യിൽ നിന്നും പിരിച്ചെടുക്കുന്ന പണമാണ് മരുന്നുകൾ വാങ്ങാൻ ഉപയോഗിക്കുന്നത്.
- വേനൽക്കാലത്ത് തണൽ നൽകുന്ന ടാർപോളിൻ ഷീറ്റുകൾ ലഭ്യമായിട്ടില്ല. തങ്ങളുടെ കൂട്ടത്തിൽ പണിയെടുക്കുന്ന മിക്കവരും 50 വയസ്സിനുമുകളിൽ പ്രായമുള്ളവരാണ്. അതിനാൽ ഇത്തരം സൗകര്യങ്ങൾ നൽകുന്നതിൽ ഉടൻ നടപടി ഉണ്ടാവണം എന്ന് എല്ലാ തൊഴിലാളികളും ആവശ്യപ്പെടുന്നു.
- ഫസ്ററ് എയിഡ് മറ്റ് സുരക്ഷാ ഉപകരണങ്ങൾ എന്നിവ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് നൽകാൻ അപേക്ഷിച്ചിരുന്നു എങ്കിലും ഇതുവരെയും ഒരു തരത്തിലുള്ള നടപടികളും സ്വീകരിച്ചിട്ടില്ലെന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.
- സോഷ്യൽ ഓഡിറ്റ് നടക്കുന്ന കാലയളവിൽ തൊഴിലുപകരണങ്ങളുടെ വാടക ഇനത്തിൽ പണം

ചെലവാക്കിയിട്ടില്ല. ഉപകരണങ്ങൾ മൂർച്ച യാക്കുന്നതിനു വേണ്ടിയും പണം ചെലവഴിച്ചിട്ടില്ല. മുൻകാലത്ത് പഞ്ചായത്തിൽ നിന്നും പണിയായുധങ്ങൾ നൽകിയിരുന്നതിനാൽ ആണ് വാടക നൽകാത്തത് എന്ന് തൊഴിലാളികളും പഞ്ചായത്തിലെ തൊഴിലുറപ്പ് ജീവനക്കാരും അഭിപ്രായപ്പെട്ടു അങ്ങനെ ആണെങ്കിൽ പോലും തൊഴിലുപകരണങ്ങൾ മൂർച്ചയാക്കുന്നതിനുള്ള പണം തൊഴിലാളികൾക്ക് കൊടുക്കാവുന്നതാണ്.

## വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി

ഒരു വാർഡിൽ 7 അംഗങ്ങൾ ഉൾപ്പെടുന്ന വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി ആണ് വേണ്ടത്. വാർഡ് മെമ്പർ,പാടശേഖര സമിതി അംഗങ്ങൾ,തൊഴിലാളികൾ എന്നിവർ ഇതിൽ ഉൾപ്പെടുന്നു. എന്നാൽ നിലവിൽ 5- അംഗങ്ങളാണ് കമ്മിറ്റിയിൽ ഉള്ളത്. പദ്ധതി ആരംഭ മീറ്റിംഗിൽ ഇവർ പങ്കെടുക്കാറുണ്ട് എന്നും പ്രവർത്തി സ്ഥലത്ത് പരിശോധന നടത്താറുണ്ടെന്നും അറിയാൻ സാധിച്ചു. തൊഴിലുറപ്പ് നിയമപ്രകാരം ഓരോ ആറുമാസ കാലയളവിലും വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളെ പുതുതായി തെരഞ്ഞെടുക്കേണ്ടതായിട്ടുണ്ട്. എന്നാൽ നിലവിൽ പദ്ധതി ആരംഭിച്ച സമയത്ത് രൂപീകരിച്ച കമ്മിറ്റി തന്നെയാണ് ഇപ്പോഴും പ്രവർത്തിക്കുന്നത് എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്.

## പരാതി പരിഹാര സംവിധാനം.

- തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഏതുതരത്തിൽ ഉണ്ടാകുന്ന പരാതികളും രേഖപ്പെടുത്തുന്നതിനായി പഞ്ചായത്തിൽ പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. ഇതോടൊപ്പം ഏതൊരാൾക്കും ഇതു സംബന്ധിച്ച സംസ്ഥാനതലത്തിലും ടോൾഫ്രീ നമ്പർ(180042510 04) ലഭ്യമാക്കിയിട്ടുണ്ട്.

**നിരീക്ഷണങ്ങൾ**

**<u>മേററിനെകുറിച്ചുള്ള നിരീക്ഷണങ്ങൾ</u>**

- ❖ പ്രവർത്തികൾക്ക് മേൽനോട്ടം വഹിക്കുന്നത് മേററ് ദേവിയാണ്. തൊഴിലുറപ്പ് തൊഴിലാളികളുടെ അഭിപ്രായങ്ങളിൽ നിന്നും വളരെ അധികം സത്യസന്ധത പുലർത്തുന്ന ആളാണ് എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്.
- ❖ തങ്ങളുടെ കൂട്ടത്തിൽ പകുതിയിലേറെപ്പേരും 50 വയസ്സിനു മുകളിൽ പ്രായമുള്ളവർ ആണെന്നും അവർക്ക് അനുയോജ്യമായ പ്രവർത്തികൾ പഞ്ചായത്തിൽ നിന്നും തരണമെന്നും ADS അഭ്യർത്ഥിച്ചു.
- ❖ പരാതി കൊടുക്കുന്ന രീതിയെക്കുറിച്ചും പ്രവർത്തിയുടെ പണം അക്കൗണ്ടിലേക്ക് വന്നില്ലെങ്കിൽ ചെയ്യേണ്ട കാര്യങ്ങളെ കുറിച്ചും അവർക്ക് വേണ്ടത്ര പരിജ്ഞാനം ഇല്ലെന്നു മനസ്സിലായി.
- ❖ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി മേറ്റ്മാർക്ക് പ്രാഥമിക പരിജ്ഞാനം നൽകാൻ പഞ്ചായത്തിനു കഴിഞ്ഞാൽ അത് വാർഡിനെറ വികസന പ്രവർത്തനങ്ങളെ നല്ല രീതിയിൽ സ്വാധീനിക്കും.

**തൊഴിൽകാർഡ്പരിശോധനതൊഴിലാളികളുമായി സംസാരിച്ചതിൽ നിന്നും മനസ്സിലാക്കിയ വസ്തുതകൾ**

- ❖ കല്ലൂർ വാർഡിൽ 236 പേരാണ് തൊഴിൽ കാർഡിന് അപേകഷിച്ചിട്ടുള്ളത്.ഇതിൽ 36 സജീവ തൊഴിലാളികളാണ് ഉള്ളത്. അവരുടെ തൊഴിൽ കാർഡും ബാങ്ക് പാസ് ബുക്കും പരിശോധനയ്ക്ക് വിധേയമാക്കി. തൊഴിൽകാർഡ് തൊഴിലാളികൾ തന്നെയാണ് സൂക്ഷിക്കുന്നത്.
- ❖ തൊഴിൽ കാർഡിന് പുറകിൽ രേഖപ്പെടുത്തിയിട്ടുള്ള 10 അവകാശങ്ങളെക്കുറിച്ച് അവർക്കെല്ലാം അറിയാമായിരുന്നു.
- ❖ തൊഴിലാളികളിൽ ആരുംതന്നെ 5-കിലോമീറ്ററിലധികം പോയി ജോലി ചെയ്യുന്നില്ല.
- ❖ ഓരോ പ്രവൃത്തി തുടങ്ങുന്നതിനു മുമ്പും തൊഴിലാളികളെല്ലാം ചേർന്ന് മീറ്റിംഗ് സംഘടിപ്പിക്കാറുണ്ട്. ഇത് മാതൃകാപരമായ കാര്യമാണ്.
- ❖ പ്രവർത്തികൾ അധികവും തൊഴിലാളികൾ തന്നെയാണ് കണ്ടെത്തി കൊടുക്കാറുള്ളത്

- ❖ തൊഴിൽ കാർഡുകളിൽ തൊഴിലാളികളുടെ ഹാജർ വിവരങ്ങൾ, മസ്റ്റർറോൾ നമ്പർ,ലഭിച്ച വേതനം എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- ❖ ആയുധങ്ങൾ മൂർച്ച കൂട്ടുന്നതിനുള്ള ചാർജ് പരിശോധിച്ച കാർഡുകളിൽ ഒന്നും കാണാൻ കഴിഞ്ഞില്ല.
- ❖ വീടുകളിൽ പ്രവർത്തി എടുക്കുന്നതിന് തൊഴിൽ കാർഡ് നിർബന്ധമാണ് എന്ന നിബന്ധന ഉള്ളതിനാൽ മാത്രം ചില തൊഴിലാളികൾ കാർഡ് എടുത്തിട്ടുണ്ട് എന്നാണ് കാർഡ് പരിശോധനയിൽ നിന്നും വ്യക്തമായത്.
- ❖ പുതിയ തൊഴിൽ കാർഡ് എടുക്കുന്നതിനുള്ള ഫോട്ടോയുടെ ചെലവ് ഏകദേശം 100 രൂപ തൊഴിലാളികൾ തന്നെയാണ് കൊടുത്തിരിക്കുന്നത് എന്നാൽ അത് പഞ്ചായത്തിൻറെ ഉത്തരവാദിത്വമാണ്.

## പ്രവർത്തികളുടെ തെരഞ്ഞെടുപ്പ് നടപ്പിലാക്കൽ സംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ

- ❖ വാർഡിലെ ഓഡിറ്റിംഗ് പ്രക്രിയയ്ക്ക് വിധേയമാക്കിയ പ്രവർത്തനങ്ങളിൽ കിണർ നിർമാണവുമായി ബന്ധപ്പെട്ട 5-പ്രവർത്തികൾ സ്വകാര്യവ്യക്തികൾക്ക് ഏറെ സഹായകമായി.എന്നാൽ കിണറിൻറ പണി പൂർണ്ണമായും കഴിഞ്ഞിട്ടില്ല ഏകദേശം 5000 രൂപയോളം ചിലവാക്കി ആണ് ഇത്രയും പണി തീർത്തത് അതിനാൽ പഞ്ചായത്തിൽ നിന്നും ലഭിക്കുവാനുള്ള പണം ഉടൻതന്നെ ലഭ്യമാക്കി തരണമെന്ന് ഉഷ പാണ്ടികശാല അഭ്യർത്ഥിച്ചു.
- ❖ പല പദ്ധതി സ്ഥലങ്ങളിലും സിഐബി സ്ഥാപിക്കുന്നതിനു വേണ്ടി ചിലവഴിക്കുന്ന തുക ഏകദേശം 3000/- രൂപയോളമാണ്. ഒരു തൊഴിലാളിയുടെ വരുമാനം എന്നു പറയുന്നത് കേവലം 271 രൂപയാണ്. ഇതുമായി താരതമ്യം ചെയ്യുമ്പോൾ ഇത്രയും വലിയൊരു തുക സിഐ ബോർഡിനു വേണ്ടി ചെലവഴിക്കേണ്ടതില്ല മാത്രമല്ല പല സിഐ ബോർഡുകളും ഭാഗികമായും മുഴുവനായും നശിച്ച അവസ്ഥയിലാണ്.അതുകൊണ്ടുതന്നെ കിണർ ആൾമറ നിർമാണത്തിൽ ചെയ്തതുപോലെ ഏകദേശം 500 രൂപ ചാർജ് വരുന്ന ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കുന്നത് ആയിരിക്കും നല്ലത് എന്നാണ് സോഷ്യൽ ഓഡിറ്റ് ടീമിൻറെ നിരീക്ഷണം.

- വാർഡിൽ 35 സജീവ തൊഴിലാളികളാണ് നിലവിലുള്ളത്,തങ്ങൾക്ക് പ്രവൃത്തി ലഭിക്കാൻ കാലതാമസം ഉണ്ടാവാറില്ല എന്നും അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭ്യമാകുന്നുണ്ട് എന്നും അവർ അഭിപ്രായപ്പെട്ടു.
- വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ദുർബലവിഭാഗങ്ങൾക്ക് പരിഗണന നൽകിയതായി രേഖകൾ പരിശോധിക്കുമ്പോൾ മനസ്സിലായി.
- 2008-ൽ തൊഴിലുറപ്പുപദ്ധതി തുടങ്ങിയപ്പോൾ ഉപയോഗിച്ചിരുന്ന ആയുധങ്ങൾ ആണ് ഇപ്പോഴും ഉപയോഗിക്കുന്നത്. അതിൽ തന്നെ തങ്ങൾ കൊണ്ടുപോകുന്ന ആയുധങ്ങൾക്ക് മൂർച്ച കൂട്ടുന്നതിനുള്ള ചാർജ് ലഭിക്കുന്നില്ല എന്ന് തൊഴിലാളികൾ പരാതി പറഞ്ഞു
- എപ്പോഴും ലഭിക്കുന്നത് മഴക്കുഴി നിർമാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ്. ഒരു തവണ കുഴിയെടുത്ത് സ്ഥലത്ത് തന്നെയാണ് വീണ്ടും കുഴികൾ നിർമിക്കാൻ പറയുന്നത്.
- കാലാവസ്ഥയ്ക്ക് അനുസരിച്ചുള്ള പ്രവർത്തികൾ ആണ് ലഭിക്കുന്നത്

## പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് സ്ഥല പരിശോധനയിൽ മനസ്സിലാക്കാൻ കഴിഞ്ഞ കാര്യങ്ങൾ.

- വ്യക്തിഗത ഗുണഭോക്താക്കൾ വരുന്ന പ്രവർത്തിയായ കിണർ നിർമ്മാണത്തിൽ ഗുണഭോക്തൃ വിഹിതം കൂടി ചെലവഴിച്ച് ആസ്തികൾ മെച്ചപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ട്.(കിണർ നിർമ്മാണം)
- തരിശുഭൂമി കൃഷിയോഗ്യമാക്കാൻ എന്ന പദ്ധതിയുടെ സ്ഥലത്ത് സി ഐ ബി സ്ഥാപിക്കാത്തത് ഗുണഭോക്താക്കൾക്ക് പദ്ധതി സ്ഥലം സർക്കാരിലേക്ക് എഴുതി തള്ളുമോ എന്ന ഭയം കൊണ്ടാണെന്നാണ് സ്ഥല പരിശോധനയിൽ മനസ്സിലായത്.
- പൊതുആസ്തികളുടെ വികസനത്തിനും സംരക്ഷണത്തിനും വേണ്ടി ചെയ്ത പ്രവർത്തിയായ ചെറുകിട കർഷകരുടെ ഭൂമിയിൽ മണ്ണ്,ജല സംരക്ഷണം,തരിശുഭൂമി കൃഷിയോഗ്യമാക്കൽ എന്നിവ മാതൃകാപരമായ പ്രവർത്തികളാണ്.
- ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം എന്ന പദ്ധതിയുടെ പ്രവർത്തി സ്ഥലത്ത് എസ്റ്റിമേറ്റിൽ പറയും പ്രകാരമുള്ള ജൈവവേലി നിർമ്മിച്ചിരിക്കുന്നത് ആയി കണ്ടു.
- തരിശുഭൂമി കൃഷിയോഗ്യമാക്കൽഎന്ന പദ്ധതി നടത്തിയിരിക്കുന്നത് 2-പാടശേഖരങ്ങളിലായാണ് ഗുണഭോക്താക്കൾ എല്ലാം APL വിഭാഗത്തിൽ പെടുന്നവരാണ്.

- തുടർച്ചയായുള്ള പറമ്പുകളിൽ ഒരേ സ്വഭാവമുള്ള പ്രവൃത്തികൾ (ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം) നടന്നിരിക്കുന്നതിനാൽ ഒരു പുരയിടത്തിൽ നടന്നിട്ടുള്ള പ്രവൃത്തി ഏത് പദ്ധതിയുടെ ഭാഗമായുള്ളതാണ് എന്ന് മനസ്സിലാക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്. പ്രസ്തുത പ്രവൃത്തികളുടെ വർക്ക് ഫയൽ പരിശോധിച്ചപ്പോൾ വ്യക്തിഗത ഗുണഭോക്താക്കളെ തിരിച്ചറിയാനുള്ള യാതൊരുവിധ രേഖകളും കാണാനും കഴിഞ്ഞില്ല.
- മഴകുഴികളിൽ അധികവും മണ്ണിട്ടു മൂടി ചെടികൾ നട്ടിരുന്നു. പദ്ധതി നടത്തിയ പ്രദേശങ്ങൾ ആകെ കാട് മൂടിക്കിടക്കുന്ന അവസ്ഥയിലാണ് ഇപ്പോൾ കാണാൻ കഴിയുന്നത്.
- പ്രവർത്തി സ്ഥലത്ത് സന്ദർശനത്തിനു പോയപ്പോൾ കാലുകളിൽ ചാക്കുകൊണ്ട് കെട്ടി ഉണ്ടാക്കിയ കാലുറകൾ ധരിച്ച് പണി ചെയ്യുന്ന തൊഴിലാളികളെ കാണുകയും ബൂടിനെയും ഗ്ലൗസ്ൻറ യും ആവശ്യകതയെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്തു.

## പ്രവർത്തികളുടെ ഗുണമേന്മ സംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ

എസ്റ്റിമേറ്റുകൾ പ്രദേശത്തിന്റെ പ്രത്യേകതകളോ ആവശ്യകതകളോ മനസ്സിലാക്കി ഉണ്ടാക്കിയതല്ല. തൊഴിലാളികൾ ഭൂവുടമയുടെ ആവശ്യപ്രകാരം ആവശ്യമായ പ്രവർത്തികൾ ചെയ്തു കൊടുക്കുന്ന രീതിയാണ് കണ്ടുവരുന്നത്.അതിനാൽ പ്രവർത്തികൾക്ക് ഉയർന്ന ഗുണനിലവാരം കാണാൻ കഴിയുന്നുണ്ട്.ഇതിനു വേണ്ടി തൊഴിലാളികൾ കഠിനാധ്വാനം ചെയ്യുന്നതും കാണാൻ കഴിഞ്ഞു.

## പുതിയ പ്രവർത്തികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള സോഷ്യൽഓഡിറ്റ്യൂണിറ്റിന്റെഅഭിപ്രായങ്ങൾ/നിരീക്ഷണങ്ങൾ

പച്ചക്കറി കൃഷി ഏററവും നന്നായി നടപ്പിലാക്കുന്ന വാർഡ് ആണ് കല്ലൂർ. മാത്രമല്ല നെൽവയലുകളും കവുങ്ങിൻ തോപ്പുകളും ഈ പ്രദേശത്തുള്ളവരുടെ വരുമാനമാർഗ്ഗമാണ്. അതുകൊണ്ടുതന്നെ ഇവ

സംരക്ഷിക്കുന്ന തരത്തിലുള്ള പ്രവർത്തികൾ പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ തൊഴിലാളികൾക്ക് കൂടുതൽ വരുമാനം ലഭിക്കുമെന്ന് മാത്രമല്ല മാഞ്ഞു പോയി കൊണ്ടിരിക്കുന്ന കാർഷിക സംസ്കാരം വീണ്ടെടുക്കുകയും ചെയ്യാം.തൊഴിലാളികളിൽ അധികവും (പ്രായം കൂടിയവരാണ് ഇവരെ കൂടി പരിഗണിക്കുന്ന തരത്തിലുള്ള തൊഴിലുകൾ ആകണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്.കൂടാതെ ജലസേചന പദ്ധതികളും കുടിവെള്ള സംരക്ഷണ പദ്ധതികളും പ്രദേശത്ത് നടപ്പിലാക്കാവുന്നതാണ്.

## ഓഡിറ്റ് ടീം

**സുബീഷ് .ഇ പി (വില്ലേജ് റിസോഴ്സ് പേഴ്സൺ ,പൊന്നാനി ബ്ലോക്ക്)**
**രാജിത. കെ. (വില്ലേജ് റിസോഴ്സ് പേഴ്സൺ ,പൊന്നാനി ബ്ലോക്ക്)**

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്

2018-19 സാമ്പത്തിക വർഷത്തിലെ മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലുറപ്പ് നിയമ പ്രകാരം നടപ്പിലാക്കേണ്ട സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ തവനൂർ പഞ്ചായത്തിലെ 14-ആം വാർഡ് ആയ കല്ലൂരിൽ 18/11/19 രാവിലെ 11 മണിക്ക് തൊഴിലുറപ്പ് തൊഴിലാളിയായ അപ്പു എന്ന തൊഴിലാളിയുടെ വീട്ടിൽ വച്ച് സംഘടിപ്പിച്ചു. 45 ഓളം പേരുടെ സജീവ സാന്നിധ്യം യോഗത്തിൽ ഉണ്ടായിരുന്നു. പഞ്ചായത്തിൽ നിന്നും അക്രെഡിറ്റ് ഓഫീസർ ശ്രീമതി അമ്പു ഗണേശൻ, വാർഡ് മെമ്പർ പുഷ്പലത, പാടശേഖര സമിതി അംഗങ്ങൾ എന്നിവരാണ് തൊഴിലാളികളെ കൂടാതെ യോഗത്തിൽ

പങ്കെടുത്തത്. തൊഴിലാളികളിൽ നിന്നും നൂറ് തൊഴിൽദിനം പൂർത്തിയാക്കിയ ശ്രീമതി തങ്ക എന്ന തൊഴിലാളിയെ അധ്യക്ഷസ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. സ്വാഗതപ്രസംഗത്തിന് ശേഷം 2018 -2019 വർഷത്തിലെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് വി ആർ പി രാജിത അവതരിപ്പിച്ചു.ശേഷം തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ചും തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ചും തൊഴിലാളികളെ ബോധവാന്മാരാക്കി.തുടർന്ന് തൊഴിലാളികൾ ഉന്നയിച്ച സംശയങ്ങൾക്കും പ്രശ്നങ്ങൾക്കും പഞ്ചായത്തിൽനിന്ന് അക്രെഡിറ്റ് ഓഫീസർ മറുപടി പറഞ്ഞു.തൊഴിലിന് ആവശ്യമായ കൈയുറ, ബൂട്ട്സ്, ഗ്ലൗസ്, ഫസ്റ്റ് എയ്ഡ് ബോക്സ് എന്നിവ ലഭ്യമായിട്ടില്ല എന്നതാണ് തൊഴിലാളികളുടെ പ്രധാന പരാതി.തൊഴിലാളികളുടെ ചെലവിൽ ഇവ വാങ്ങിച്ച് അതിൻറെ ബില്ല് പഞ്ചായത്തിൽ ഏൽപ്പിച്ചാൽ ചെലവായ തുക പാസാക്കി തരാമെന്ന് AE ഉറപ്പുനൽകി.ഹാരിസ് കഴിക്കണ്ടെ എന്ന വ്യക്തിയുടെ കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തിയിൽ സ്ഥാപിച്ച സിഐ ബോർഡിലെ വർക്ക് കോഡ് തെറ്റാണെന്ന് സോഷ്യൽ ഓഡിറ്റ് ടീം ചൂണ്ടിക്കാണിക്കുകയും അത് ഉടൻ ശരിയാക്കാം എന്ന് ഓഫീസർ മറുപടി നൽകുകയും ചെയ്തു.തുടർന്ന് തൊഴിലാളികൾക്ക് വേതനം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിച്ചു കൊടുക്കുകയും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള പരാതി രജിസ്റ്ററിൽ ഇതേ സംബന്ധിച്ച് പരാതി എഴുതി കൊടുക്കണമെന്നും ഓഡിറ്റിംഗ് ടീം നിർദ്ദേശിച്ചു.ശേഷം ഭൂവികസന പ്രവർത്തനങ്ങളുമായി vബന്ധപ്പെട്ട പദ്ധതികളിൽ എസ്റ്റിമേറ്റ് അളവുകൾ അനുസരിച്ച് മാത്രം തൊഴിലെടുത്താൽ മതിയെന്ന് തീരുമാനമായി. പിന്നീട് തൊഴിലാളികൾക്ക് ചെയ്യാവുന്ന പ്രവർത്തികളെ കുറിച്ച് AE വിശദീകരിച്ചു കൊടുത്തു. നിലവിലെ വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തിരുന്നില്ല. മാത്രമല്ല കമ്മിറ്റി രൂപീകരിച്ചിട്ട് ആറു മാസത്തിലേറെ ആയി.അതിനാൽ പുതിയ കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുത്തു.തുടർന്ന് സോഷ്യൽ ഓഡിറ്റിനെ കുറിച്ചുള്ള സംശയങ്ങൾക്ക് മറുപടി നൽകി..2.30-ന് വാർഡ് മെമ്പർ ശ്രീമതി പുഷ്പലത നന്ദി പറയുകയും അധ്യക്ഷ തങ്ക യോഗത്തിലെ തീരുമാനങ്ങൾ അംഗീകരിച്ച് യോഗം പിരിച്ചുവിടുകയും ചെയ്തു.

## <u>തീരുമാനങ്ങൾ</u>

1-ഭൂവികസന പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സിഐ ബോർഡ് വയ്ക്കുന്നതിന് ഗുണഭോക്താക്കൾക്ക് അതൃപ്തി ഉണ്ടാകുന്നത് പദ്ധതി സ്ഥലം സർക്കാർ കയ്യേറുമോ എന്ന ഭയത്താലാണ് ഇതേക്കുറിച്ച്

പൊതു ഗ്രാമസഭയിൽ സംസാരിക്കാം എന്ന് വാർഡ് മെബർ ഉറപ്പുനൽകി.
2-.പഞ്ചായത്തിൽ നിന്നും ലഭിച്ചിരിക്കുന്ന ആയുധങ്ങൾ പഞ്ചായത്തിൽ തന്നെ കുടുംബശ്രീ മുഖേന ഏൽപ്പിക്കുകയും ഇനി വരുന്ന

പ്രവർത്തികളുടെ മസ്റ്റർറോളുകളിൽ ആയുധങ്ങളുടെ ചാർജ് കൃത്യമായി രേഖപ്പെടുത്തുകയും ചെയ്താൽ ആയുധങ്ങളുടെ വാടക ലഭ്യമാക്കി തരാമെന്ന് AE ഉറപ്പുനൽകി.

3-ഫസ്റ്റ് എയ്ഡ്, കയ്യുറ,കാലുറ തുടങ്ങിയവയുടെ അപര്യപ്തത പരിഹരിക്കുവാൻ തീരുമാനമായി

4-ഹാരിസ് കഴിക്കണ്ടി എന്ന വ്യക്തിയുടെ കിണർ നിർമ്മാണസ്ഥലത്ത് സ്ഥാപിച്ചിരിക്കുന്ന സിഐ ബോർഡിലെ വർക്ക് കോഡ് ശരിയാക്കി രേഖപ്പെടുത്താൻ തീരുമാനിച്ചു.

5-ആദായകരമായ പ്രവർത്തികൾ കൂടി പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദേശിച്ചു.

6-ഏതൊരു പ്രവർത്തിയും തുടങ്ങുന്നതിനു മുൻപ് ജനകീയ എസ്റ്റിമേറ്റിലെ അളവുകൾ വായിച്ചു മനസ്സിലാക്കാൻ നിർദേശിച്ചു.

7- നാല് മാസമായി ചെയ്ത പ്രവൃത്തികൾക്ക് വേതനം ലഭിച്ചിട്ടില്ല. പഞ്ചായത്തിലെ പരാതി രജിസ്റ്ററിൽ ഇതുസംബന്ധിച്ച പരാതി എഴുതി ചേർക്കുവാൻ നിർദ്ദേശിച്ചു.